**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4862** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഓപ്പൺ സ്കൂൾ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വടകര, ചോമ്പാൽ, തോടന്നൂർ എ.ഇ.ഒ.മാരുടെ കീഴിൽ വരുന്ന സ്കൂളുകളിൽ നിന്നും പത്താംക്ലാസ് പാസ്സായ വിദ്യാർത്ഥികളിൽ എത്ര പേരാണ് കഴിഞ്ഞ അഞ്ച് അധ്യയന വർഷങ്ങളിൽ ഓപ്പൺ സ്കൂളുകളിൽ അഡ്മിഷൻ നേടിയത് എന്ന് അറിയിക്കുമോ; ഓരോ വർഷവും അഡ്മിഷൻ ലഭിച്ച വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | വടകര, ചോമ്പാൽ, തോടന്നൂർ എ.ഇ.ഒ.മാരുടെ കീഴിൽ വരുന്ന സ്കൂളുകളിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓപ്പൺ സ്കൂൾ(സ്കോൾ കേരള) മുഖേന അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ വർഷവും വർദ്ധിച്ച വരുന്ന വിജയശതമാനത്തിനുസരിച്ച് പ്ലസ് വൺ സീറ്റുകൾ വർദ്ധിക്കാത്തതാണോ വിദ്യാർത്ഥികൾ ഓപ്പൺ സ്കൂളുകളെ ആശ്രയിക്കുന്നതിന് കാരണം എന്ന് വ്യക്തമാക്കുമോ; | (ബി) | വിവിധ കാരണങ്ങളാൽ ഹയർ സെക്കന്ററി കോഴ്സിന് റെഗുലർ സ്കൂൾ പഠനം സാധിക്കാത്ത വിദ്യാർത്ഥികളും തൊഴിലിനോടൊപ്പം പഠനം നടത്താൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുമാണ് പ്രധാനമായും സ്കോൾ കേരളയെ ആശ്രയിക്കുന്നത്. |
| (സി) | എങ്കിൽ പ്ലസ് വൺ സീറ്റുകൾ വർധിപ്പിക്കുന്നതിനായി പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോ ; വിശദാംശങ്ങൾ നൽകുമോ? | (സി) | തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം,വയനാട്,കണ്ണൂർ,കാസർഗോഡ് എന്നീ 7 ജില്ലകളിലെ എല്ലാ സർക്കാർ,എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലും, എല്ലാ വിഷയങ്ങൾക്കും പ്ലസ് വൺ പ്രവേശനത്തിനായി 20% മാർജിനൽ സീറ്റ് വർദ്ധനവ് 2.9.2021 ലെ സർക്കാർ ഉത്തരവ് (കൈ) നം.191/2021 പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ മുഖ്യ അലോട്ട്മെന്റ് പൂർത്തിയായപ്പോൾ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാന ത്തിൽ താഴെ പറയുന്ന സീറ്റ് വർദ്ധനവ്/ബാച്ച് ഷിഫ്റ്റ്/ താത്ക്കാലിക ബാച്ച് എന്നിവ 28.10.2021 ലെ സർക്കാർ ഉത്തരവ് (കൈ ) നം .241/2021 പ്രകാരം അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. മേൽജില്ലകളിൽ സീറ്റിന്റെ ആവശ്യകത ഉണ്ടാകുക യാണെങ്കിൽ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ 10% സീറ്റ് വർദ്ധനവ് കൂടി അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഈ ജില്ലകളിൽ അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായും |

| | | | | |
|---|---|---|---|---|
| | | | | (മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്കും 10% സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതിനൽകിയിട്ടുണ്ട്. സീറ്റ് വർദ്ധനവ് വരുത്താത്ത കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ആവശ്യകത അനുസരിച്ച് എല്ലാ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും 20% വരെ സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട് . ഈ ജില്ലകളിൽ അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20% മാനേജ്മെന്റ്സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യ മുള്ള, അപേക്ഷിക്കുന്ന അൺഎയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്കും 20% സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട് .പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുമെന്നതിനാൽ വയനാട് ജില്ലയിലെ അബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാടിൽ ഒരു ഹ്യൂമാനിറ്റീസ്ബാച്ചും, ഗവ:മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർഗേൾസ് കൽപ്പറ്റയിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും താത്കാലികമായി അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട് . നാമമാത്രമായ വിദ്യാർത്ഥികൾ ഉള്ള ബാച്ചുകൾ കണ്ടെത്തുകയാണെങ്കിൽ അവ ആവശ്യമുള്ള ജില്ലയിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കുട്ടികളുടെ പ്ലസ് വൺ പ്രവേശനം സംബന്ധിച്ച വിഷയം സീറ്റ് വർദ്ധനവിലൂടെ പരിഹരിക്കപ്പെടുന്നില്ലെങ്കിൽ മാത്രം ആവശ്യകത അനുസരിച്ച് ആവശ്യമുള്ള ജില്ലകളിൽ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ താൽക്കാലിക ബാച്ചുകൾ അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കഴിഞ്ഞ 5 വർഷം വടകര, ചോമ്പാൽ, തോടന്നൂർ മേഖലയിൽ നിന്നും സ്കോൾ- കേരളയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|---|---|
| വടകര | 10015 | ജി.എച്ച്.എസ്.എസ്.വടകര | 132 | 32 | 70 | 0 | 83 |
| | 10012 | ഗവ.ജെ.എൻ.എം.എച്ച്. എസ്.എസ്.പുതുപ്പണം | 122 | 151 | 0 | 0 | 84 |
| ചോമ്പാൽ | 10096 | ഗവ.ഗേൾസ് എച്ച്.എസ്.എസ്. മടപ്പള്ളി | 252 | 181 | 67 | 148 | 152 |
| | 10008 | ഗവ.ബോയ്സ് എച്ച്.എസ്.എസ്. മടപ്പള്ളി | 201 | 185 | 168 | 54 | 0 |
| | 10016 | ജി.എച്ച്.എസ്.എസ്., അഴിയൂർ | 100 | 102 | 100 | 108 | 142 |
| | 10029 | ജി.എച്ച്.എസ്.എസ്., ഓർക്കാട്ടേരി | 0 | 0 | 50 | 100 | 135 |
| | 10177 | കെ.ആർ.പി.എച്ച്.എസ്.എസ് പുറമേരി | 126 | 86 | 0 | 82 | 152 |
| | 10028 | ജി.എച്ച്.എസ്.എസ്., ചോറോട് | 141 | 69 | 0 | 0 | 42 |
| തോടന്നൂർ | 10034 | ആർ.എ.സി.എച്ച്.എസ്.എസ്., കടമേരി | 183 | 131 | 111 | 163 | 163 |
| | 10054 | മേമുണ്ട എച്ച്.എസ്.എസ്. | 196 | 149 | 130 | 150 | 172 |
| വിഷയാടിസ്ഥാനത്തിലുള്ള ആകെ കണക്ക് | | | | | | | |
| കൊമേഴ്സ് | | | 1013 | 704 | 361 | 238 | 530 |
| ഹ്യൂമാനിറ്റീസ് | | | 440 | 382 | 335 | 567 | 588 |
| സയൻസ് | | | 0 | 0 | 0 | 0 | 7 |